ത്രിതല പഞ്ചായത്തുകളുടെ ഭവന നിർമ്മാണം

95 (2151)ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പു സാമ്പത്തികവർഷം എത്ര ഭവനങ്ങളാണ് നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇതിൽ പട്ടികജാതി വിഭാഗത്തിനെത്ര വീടുകളാണ് നിർമ്മിച്ച് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) പട്ടികവർഗ്ഗത്തിനെത്ര;

(ഇ) വിശദീകരിക്കുമോ?

ഉത്തരം

(എ മുതൽ ഇ വരെ) സംസ്ഥാനത്തെ 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ നടപ്പുവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ സ്ഥാപനങ്ങളുടേയും പദ്ധതിരേഖകൾ അംഗീകരിച്ചുകഴിഞ്ഞാൽ മാത്രമേ മൊത്തം വീടുകൾ എത്രയുണ്ടാകുമെന്നും അവയിൽ ഓരോ വിഭാഗത്തിനും എത്രവീതം ലഭിക്കുമെന്നും കണക്കാക്കാൻ സാധിക്കുകയുള്ളൂ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫോട്ടോ കോപ്പിയിംഗ് മെഷീൻ വാങ്ങാൻ അനുമതി

96 (2152)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫോട്ടോ കോപ്പിയിംഗ് മെഷീൻ വാങ്ങാൻ വേണ്ടി ആകെ എത്ര രൂപ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഗവൺമെന്റ് ശേഖരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര സ്ഥാപനങ്ങൾക്ക് ഫോട്ടോ കോപ്പിയറിംഗ് മെഷീൻ നൽകി;

(സി) ചപ്പാരപ്പടവ് പഞ്ചായത്ത് സ്വന്തമായി ഫോട്ടോ കോപ്പിയിംഗ് മെഷീൻ വാങ്ങിയത് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ ശുപാർശയോടുകൂടിയാണോ;

(ഡി) ഇതിന് ഗവൺമെന്റിന്റെ അംഗീകാരം നൽകാതിരിക്കാൻ കാരണമെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഫോട്ടോ കോപ്പിയർ ആവശ്യമുള്ള 688 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 1997-98, 1998-99 എന്നീ വർഷങ്ങളിൽ പദ്ധതി വിഹിതമായി അനുവദിച്ച തുകയിൽ നിന്നും ഒരു ലക്ഷം രൂപ വീതം ആകെ 688 ലക്ഷം രൂപ പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) ആർക്കും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാരിന്റെ അനുമതിക്ക് വിധേയമായി വാങ്ങുന്നതിന് ജില്ലാ ആസൂത്രണ സമിതി പഞ്ചായത്തിന് അംഗീകാരം നൽകിയിരുന്നു.

(ഡി) സർക്കാർ അനുമതിക്ക് വിധേയമായി ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങണമെന്നുള്ള ജില്ലാ ആസൂത്രണ സമിതിയുടെ നിബന്ധനയ്ക്ക് വിരുദ്ധമായാണ് ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് ഫോട്ടോ കോപ്പിയിംഗ് മെഷീൻ വാങ്ങിയത്. മെഷീൻ വാങ്ങിയതിനുശേഷം സർക്കാർ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പാക്കിയതിന് ചെലവാക്കിയ തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ 1.6.99 ലെ 20942/പി1/99/തദ്വേ നമ്പർ കത്ത് പ്രകാരം സർക്കാരിൽ നിന്നും പഞ്ചായത്തിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

ജില്ല, ബ്ലോക്ക് പഞ്ചായത്തുകളുടെ ആസ്ഥാന മന്ദിരങ്ങൾ

97 (2153)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും സ്വന്തമായി ആസ്ഥാന മന്ദിരങ്ങളുണ്ട്;

(ബി) ഇവ ഓരോന്നും പണിയുന്നതിനായി ചെലവഴിച്ച തുകയെത്ര;

(സി) ഈ തുക എവിടെനിന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും സ്വന്തമായി ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനായി സർക്കാർ പണം അനുവദിച്ചു നൽകിയിട്ടുണ്ട്. കോഴിക്കോട്, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം തുടങ്ങിയ ജില്ലാ പഞ്ചായത്തുകളുടെ പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു. ഏതാനും ബ്ലോക്ക് പഞ്ചായത്തുകളുടേയും കെട്ടിടങ്ങൾ പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലാണ്. ഇതിനായി അനുവദിച്ച പണത്തിന്റെ വിനിയോഗ കാലാവധി 31.12.99 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) ജില്ലാ പഞ്ചായത്തുകൾക്ക് കെട്ടിടനിർമ്മാണത്തിന് 50 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 9.86 ലക്ഷം രൂപ വീതവും ആണ് അനുവദിച്ചിട്ടുള്ളത്. യഥാർത്ഥ ചെലവ് എത്രയെന്നുള്ള വിശദവിവരം ലഭ്യമല്ല.

(സി) 30.9.96-ലെ സ.ഉ.(സാ)3618/96/തദ്വേ നമ്പർ സർക്കാർ ഉത്തരവു പ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലാ പഞ്ചായത്തിനും ഉപാധിരഹിത ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 9,868,421 ലക്ഷം രൂപ വീതവും ആസ്ഥാന മന്ദിര നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ 98-99 പദ്ധതി വിഹിതത്തിൽ നിന്ന് ഓരോ ജില്ലാ പഞ്ചായത്തിനും പരമാവധി 25 ലക്ഷം രൂപ വീതവും ഓരോ ബ്ലോക്ക് പഞ്ചായത്തിനും പരമാവധി 4,93,421 ലക്ഷം രൂപ വീതവും അധികമായി ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly